# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 139 14.6.2013 ലെ മറുപടിക്ക്**
**നോർക്ക ഇൻഷ്വറൻസ് പദ്ധതി**

ചോദ്യം | മറുപടി

ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി.എസ്. സുനിൽ കുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നോർക്ക ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചതെന്നാണ്, ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു; | (എ) 2012 ജൂണിലാണ് നോർക്ക ഇൻഷുറൻസ് പദ്ധതി ആരംഭിച്ചത്. ഇതുവരെ 7119 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയിലൂടെ മറുനാടൻ മലയാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) അപകടമരണം, സ്ഥിരം /പൂർണ്ണ അംഗ വൈകല്യം എന്നിവയ്ക്ക് പരമാവധി രണ്ടു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. |
| (സി) ഈ പദ്ധതിയിൽ വളരെക്കുറച്ച് അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ മറുനാടൻ മലയാളികളെ മുഴുവനും ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ? | (സി) 2012 ജൂണിൽ ആരംഭിച്ച ഈ പദ്ധതിയിൽ നാളിതുവരെ 7119 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടുതൽ മറുനാടൻ മലയാളികളെ അംഗങ്ങളാക്കുന്നതിനായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വ്യാപകമായി പരസ്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറുനാടൻ മലയാളി സംഘടനകളുമായി ചേർന്ന് പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള |

| | |
|---|---|
| | മലയാളി സംഘടനകൾ മുഖാന്തിരം അപേക്ഷകൾ സ്വീകരിച്ച് സമർപ്പിക്കുന്നതിനും കാർഡുകൾ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെന്നൈ, ബാംഗ്ളൂർ, ഹൈദരാബാദ്, ബറോഡ തുടങ്ങിയ സ്ഥലങ്ങളിലുള്ള നോർക്ക റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ നേതൃത്വത്തിൽ ക്യാമ്പുകൾ നടത്തി അപേക്ഷകൾ സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**